# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3824 — 20/10/2016-ൽ മറുപടിക്ക്

### കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

**ചോദ്യം**

ശ്രീ. എ. എൻ. ഷംസീർ

**മറുപടി**

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ തസ്തിക വഹിക്കുമ്പോൾ തന്നെ ശ്രീ. അമ്പാടി ഐ.ഐ.എസ്. മറ്റ് ഏതെല്ലാം തസ്തികകൾ ഒരേ സമയം വഹിച്ചിട്ടുണ്ട്; അവ ഏതെല്ലാം; | (എ) | ഡോ. കെ.അമ്പാടി ഐ.ഐ.എസ്. തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ചുമതല കൾക്ക് പുറമെ മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധികചുമതല, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്ട്സിന്റെ ഡയറക്ടറുടെ അധികചുമതല, പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ അധികചുമതല, ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി രൂപീകരിച്ച സുബോധം പദ്ധതിയുടെ ഡയറക്ടറുടെ അധിക ചുമതല എന്നിവ വഹിക്കുന്നുണ്ട്. |
| (ബി) | കെ.എസ്.സി.എ.ഡി.സി.എം.ഡി. എന്ന നിലയിലല്ലാതെ ശ്രീ. അമ്പാടി എത്ര രൂപ ശമ്പളം, അലവൻസ്, വാഹനം എന്ന രീതിയിൽ കൈപ്പറ്റിയിട്ടുണ്ട്; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് വേണ്ടി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ കഴിഞ്ഞ 5 വർഷം എത്ര പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്; അവയിൽ എത്ര എണ്ണം പൂർത്തിയാകാതെ കിടക്കുന്നുണ്ട്; ഇതുവരെ ആരംഭിക്കാത്ത പ്രവർത്തികൾ എത്ര ? | (സി) | ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് വേണ്ടി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ 586 പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിൽ 356 പദ്ധതികൾ പൂർത്തീകരിച്ചു. 141 പദ്ധതികൾ പുരോഗമിക്കുന്നു. 89 പദ്ധതികൾ ആരംഭ ഘട്ടത്തിലാണ്. |

Hadeena

സെക്ഷൻ ഓഫീസർ